LIBRARY ARCHIVES Kerala Legislative Assembly

അനാദിക്കണക്കനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രശ്നം കേരള നിയമസഭ 20-6-2014 ന് പരിഗണിക്കുന്നതായി പത്രക്കണ്ടിരുന്നു. ഈ പ്രശ്നത്തിന്റെ ഇപ്പോഴത്തെ നിലവാരം കേന്ദ്ര സർക്കാരിന്റെ വാദമുഖം അനുസരിച്ചാണോ? പ്രശ്നത്തിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ? കേന്ദ്ര സർക്കാർ അംഗീകരിക്കാൻ കേരള ഭാവനമുഖ്യ മന്ത്രിയുടെ വിയോജിപ്പുകൾ കണക്കിലെടുത്തുകൊണ്ട് കേരള സർവീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ? ഇടക്കാല ആശ്വാസമായി 1-7-2014 മുതൽ 14% ക്ഷാമബത്ത നിലവിൽ ഒഴിവാക്കിയിരുന്നതിനെതിരെയുള്ള ജീവനക്കാരുടെ അപ്പീൽ പരിഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പിൻവലിച്ചതിന് വിധേയമായി അവർ വാങ്ങുന്ന എച്ച്.ആർ.എ.-യെ KVAT-ൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? ഇതിനായുള്ള ഫയൽ നടപടികൾ എന്തായി? എച്ച്.ആർ.എ.-യുടെ നിർണ്ണയത്തിന് നിലവിലുള്ള മാനദണ്ഡം എച്ച്.ആർ.എ.-യുടെ 1-4-2015 മുതൽ ഒരു വർഷത്തേക്ക് KVAT-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) നാഷണൽ/പ്രൈവറ്റ് ബാങ്കുകളിലെ ശമ്പള പരിഷ്കരണത്തിന്റെ (ആർ.എച്ച്.എൻ.ബി.) വിജയം ഉയർത്തി വിട്ട പ്രവർത്തനാ ഫലങ്ങളുടെ കാര്യം വർദ്ധിച്ച നിരവധി ബാങ്കുകൾ ഇപ്പോൾ ഇടപാടിലെ വിവിധ കാരണങ്ങളാണ് ചൂണ്ടിക്കാട്ടി പ്രവർത്തിച്ച് വരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ? വിശദമാക്കുമോ?

കൊച്ചി കപ്പൽശാലയുടെ പ്രവർത്തനം

204 (3358) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. എം. സുധീരൻ : തൊഴിൽ വകുപ്പുമന്ത്രി ദയവായി താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശനാണ്യവും വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ?

(എ) പ്രതിരോധ വകുപ്പിൽ നിന്നുള്ള കപ്പൽനിർമ്മാണ ഓർഡറുകൾ നടപ്പാക്കുന്നതിൽ കൊച്ചി കപ്പൽശാലയുടെ പ്രവർത്തനത്തിൽ വിദഗ്ധസമിതി കണ്ടെത്തിയ കുറവുകൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) സ്വകാര്യ മേഖലയെ സഹായിക്കാൻ കൊച്ചിൻ കപ്പൽശാലയിലെ കപ്പൽ നിർമ്മാണ ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾക്ക് ഉണ്ടായ ഉദ്യോഗസ്ഥർ കൈക്കൊണ്ടിരിക്കുന്നതായ നടപടികൾ വിശദമാക്കുമോ?

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടത്ര ശ്രദ്ധ കാണിക്കാത്തത് സർക്കാരിന്റെ പൊതുമേഖലയോടുള്ള താല്പര്യക്കുറവും സ്വകാര്യ സംരംഭകർക്ക് ഒത്താശ ചെയ്യുന്ന സമീപനവുമാണ് വ്യക്തമാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കൊച്ചി കപ്പൽശാല. പ്രതിരോധ വാണിജ്യ മേഖലകളിൽ നിന്നുള്ള ഓർഡറുകൾ കൊച്ചി കപ്പൽ ശാലയ്ക്ക് ലഭിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ബദ്ധശ്രദ്ധമാണ്. നിലവിൽ ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി ഏറ്റവും വലിയ തദ്ദേശ നിർമ്മിത വിമാനവാഹിനി കപ്പലിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കൊച്ചി കപ്പൽശാല. ഇതിന്റെ ആദ്യഘട്ടം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ തീരസംരക്ഷണസേനയ്ക്ക് വേണ്ടി 20 അതിവേഗ നിരീക്ഷണ കപ്പലുകൾ നിർമ്മിക്കുവാനുള്ള ഓർഡറും കൊച്ചി കപ്പൽശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇവയിൽ 13 കപ്പലുകൾ നിർമ്മിച്ച് സേനയ്ക്ക് കൈമാറിയിട്ടുമുണ്ട്.

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊച്ചി കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണശാലകളിൽ ഒന്നായി കൊച്ചി കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലോ, ഭരണപരമായ കാര്യങ്ങളിലോ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനുവേണ്ടി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

205 (3359) ശ്രീ. ടി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ഭൂമി നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly